**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പി.എസ്.സി മുഖേന പട്ടികജാതി/ പട്ടികവർഗ്ഗ പ്രത്യേക നിയമനത്തിനായി നിയമന ശിപാർശ ചെയ്യപ്പെട്ടവർക്ക് നിയമനം നൽകുന്നതിനായി വയനാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ 6 ക്ലാർക്കുമാരുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം. 2127/2017/തസ്വഭവ തീയതി, തിരുവനന്തപുരം 24.06.2017

==========================================================

പരാമർശം:1) സ.ഉ (എം.എസ്) നം. 116/2016/പൊ.ഭ.വ, തീയതി 01.08.2016

2) പഞ്ചായത്ത് ഡയറക്ടറുടെ 08.02.2017 ലെ ഇ 6-43416/1999 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ മുഖേന പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനത്തിനുള്ള ക്ലാർക്കമാരുടെ നിലവിലെ ലിസ്റ്റിൽ നിന്നും നിയമന ശിപാർശ ചെയ്യപ്പെട്ട 10 പേരിൽ 6 പേർക്ക് നിയമനം നൽകുന്നതിനായി വയനാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പഞ്ചായത്ത് വകുപ്പിൽ ഗസറ്റഡ്/നോൺ ഗസറ്റഡ് കാറ്റഗറിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം ഇല്ലെന്നും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം അനുസരിച്ച് കുറവ് കണ്ടെത്തിയ സീനിയർ സൂപ്രണ്ടിന്റെ ഒരു തസ്തിക പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനും, നോൺ ഗസറ്റഡ് തസ്തികയിൽ കുറവ് കണ്ടെത്തിയ ക്ലാർക്കുമാരുടെ 47 തസ്തികകളിൽ 4 തസ്തിക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും 43 തസ്തികകൾ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായും സംവരണം നടത്തി പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമായി 10 ക്ലാർക്ക് തസ്തികകൾ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ അപേക്ഷ ക്ഷണിച്ച് പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമെന്നും ടി കാലാവധിക്കുള്ളിൽ വകുപ്പിൽ വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ 10 ഒഴിവ് നിലവിൽവരുമെന്ന വിശ്വാസത്തിലും, ഒഴിവുകൾ പി.എസ്.സി വയനാട് ജില്ലാ ഓഫീസിൽ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനത്തിനുള്ള നിലവിലെ ലിസ്റ്റിൽ നിന്നും 10 ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക്ക്

സർവീസ് കമ്മീഷൻ നിയമന ശിപാർശ നൽകി. എന്നാൽ നിയമന ശിപാർശ ചെയ്യപ്പെട്ട 10 പേരിൽ 6 പേർക്ക് നിയമനം നൽകുന്നതിനായി ഒഴിവുകൾ നിലവിലില്ലാത്തതിനാൽ വയനാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടാണ് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പി.എസ്.സി മുഖേന പട്ടികജാതി/പട്ടികവർഗ്ഗ പ്രത്യേക നിയമനത്തിനായി അഡ്വൈസ് ചെയ്ത 10 പേരിൽ 6 പേർക്ക് നിയമനം നൽകുന്നതിനായി വയനാട് ജില്ലയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ 6 ക്ലാർക്കുമാരുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവുണ്ടാകുന്ന മുറയ്ക്ക് ടി തസ്തികകളിൽ നിയമിതരായവരെ വകുപ്പിലേക്ക് ആഗിരണം ചെയ്യേണ്ടതും ടിയാളുകളുടെ സീനിയോറിറ്റി KS&SSRs ഭാഗം രണ്ട് ചട്ടം 27 (c) പ്രകാരം കണക്കാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്, കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(20/04/2017 ലെ Adv B2/68/2017/P&ARD നമ്പർ കുറിപ്പ് പ്രകാരം )
ധനകാര്യ വകുപ്പ്( 26.05.2017 ലെ Dev-4/109/17/fin നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. ഇപിഎ 1/90/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ